പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4822 | 21.10.2011-ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ഉണ്ട്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി വികസിപ്പിച്ച ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളിൽ പരിശീലനം നൽകിവരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി സാംഖ്യ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി അക്കൗണ്ടന്റ്, രണ്ട് വീതം ക്ലർക്കുമാർ എന്നിവർക്കുള്ള പരിശീലനത്തിനാണ് നടപ്പുവർഷം മുഖ്യപ്രാധാന്യം നൽകിയിട്ടുള്ളത്. 500 ഗ്രാമപഞ്ചായത്തുകളിൽ ഈ വർഷം സാംഖ്യ നടപ്പാക്കുന്നതിനുള്ള പരിശീലനം പുരോഗമിക്കുന്നു. വസ്തു നികുതി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി സഞ്ചയ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിലുള്ള പരിശീലനത്തിനും പ്രാമുഖ്യം നൽകിയിട്ടുണ്ട്. പഞ്ചായത്ത് വെബ്സൈറ്റിൽ അതാത് ഓഫീസിൽ വച്ച് തന്നെ വിവരങ്ങൾ ചേർക്കുന്നതിനുള്ള പരിശീലനം, പഞ്ചായത്ത് കമ്മറ്റി തീരുമാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സകർമ്മ എന്ന സോഫ്റ്റ് വെയറിന്റെ |

പരിശീലനവും ഈ വർഷം ലക്ഷ്യമാക്കിയിട്ടുണ്ട്. കൂടാതെ ഒരു ജില്ലയിൽ ഒന്നു വീതം പഞ്ചായത്തുകളിൽ ഇംപ്ലിമെന്റേഷൻ ഓഫീസുകളുമായി ബന്ധപ്പെടുത്തി പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിന്റെ പരിശീലനവും ലക്ഷ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ